# 095/2024-M

Maximum : 100 marks

Time : 1 മണിക്കൂർ 30 മിനിട്ട്

1. "ശരിയായ വിദ്യാഭ്യാസം ലഭിക്കുമെങ്കിൽ ഇന്ത്യൻ ജനത എല്ലാവരുടെയും ആദരവിന് പാത്രമാകും". ഇത് ആരുടെ വാക്കുകളാണ്?
   - (A) കേശബ് ചന്ദ്ര സെൻ
   - (B) ബാലഗംഗാധര തിലക്
   - (C) വീരേശലിംഗം
   - (D) രാജാറാം മോഹൻ റായ്

2. ഇന്ത്യൻ അസോസിയേഷൻ എന്ന ആദ്യകാല രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ സ്ഥാപകൻ ആര്?
   - (A) സുരേന്ദ്രനാഥ ബാനർജി
   - (B) ഫിറോസ്ഷാ മേത്ത
   - (C) ദീന ബന്ധു മിത്ര
   - (D) ബങ്കിം ചന്ദ്ര ചാറ്റർജി

3. താഴെ പറയുന്നവരിൽ പ്രാർത്ഥനാ സമാജത്തിന് നേതൃത്വം കൊടുത്ത സാമൂഹിക പരിഷ്ക്കർത്താവ് ആര്?
   - (A) ഇ.വി. രാമസ്വാമി നായ്ക്കർ
   - (B) ആത്മാറാം പാണ്ഡുരംഗ്
   - (C) ജ്യോതിബാ ഫുലെ
   - (D) ആനി ബസന്റ്

4. നാവിക കലാപം നടന്നതെവിടെയാണ്?
   - (A) ബംഗാൾ
   - (B) ഉത്തർപ്രദേശ്
   - (C) ബോംബെ
   - (D) ഗുജറാത്ത്

5. താഴെ കൊടുത്തിരിക്കുന്നവരിൽ മൂന്ന് വട്ടമേശ സമ്മേളനങ്ങളിലും പങ്കെടുത്തതാര്?
   - (A) ഗാന്ധിജി
   - (B) ജവഹർലാൽ നെഹ്റു
   - (C) സർദാർ പട്ടേൽ
   - (D) ഡോ. ബി.ആർ. അംബേദ്കർ

6. ഇന്ത്യ മൗലിക അവകാശങ്ങൾ കടം കൊണ്ട രാജ്യം ഏത്?
   - (A) അമേരിക്ക
   - (B) ദക്ഷിണാഫ്രിക്ക
   - (C) കാനഡ
   - (D) അയർലൻഡ്

7. ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ മാറ്റം വരുത്തിയ ഭേദഗതി ഏത്?
   - (A) 32-ാം ഭേദഗതി
   - (B) 44-ാം ഭേദഗതി
   - (C) 42-ാം ഭേദഗതി
   - (D) 52-ാം ഭേദഗതി

8. ഭരണഘടനയിലെ ഏത് മൗലിക അവകാശ പ്രകാരമാണ് ബാലവേലയും അടിമത്തവും ഇന്ത്യയിൽ നിരോധിച്ചിരിക്കുന്നത്?

(A) സമത്വത്തിനുള്ള അവകാശം

(B) ചൂഷണത്തിനെതിരെയുള്ള അവകാശം

(C) ഭരണഘടനാപരമായ പരിഹാരം തേടുന്നതിനുള്ള അവകാശം

(D) സ്വാതന്ത്ര്യത്തിനുള്ള അവകാശം

9. ഗാന്ധിജിയുടെ ക്ഷേമരാഷ്ട്ര സങ്കൽപ്പങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്ന ഭരണഘടനാ ഭാഗമേത്?

(A) മൗലിക അവകാശങ്ങൾ (B) മൗലിക കടമകൾ

(C) ഇവയൊന്നുമല്ല (D) മാർഗ്ഗ നിർദ്ദേശക തത്വങ്ങൾ

10. മൗലിക കർത്തവ്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ഭരണഘടനാ ഭാഗമേത്?

(A) ഭാഗം V A (B) ഭാഗം IV A

(C) ഭാഗം III (D) ഭാഗം IX A

11. ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ കേരളത്തിൽ നടന്ന ആദ്യത്തെ സംഘടിത കലാപം ഏത് ?

(A) മലബാർ കലാപം (B) അഞ്ചുതെങ്ങ് കലാപം

(C) ആറ്റിങ്ങൽ കലാപം (D) പൂക്കോട്ടൂർ കലാപം

12. 1931 ലെ ഗുരുവായൂർ സത്യാഗ്രഹത്തിന് നേതൃത്വം നൽകിയതാര്?

(A) കെ. കേളപ്പൻ (B) ടി.കെ. മാധവൻ

(C) മന്നത്ത് പത്മനാഭൻ (D) എ.കെ. ഗോപാലൻ

13. ശരിയായത് തിരഞ്ഞെടുക്കുക :

(i) മാറു മറയ്ക്കാനുള്ള അവകാശത്തിനായി തെക്കൻ തിരുവിതാംകൂറിൽ നടന്ന ലഹളയാണ് ചാന്നാർ ലഹള

(ii) 1859 ൽ മാറുമറയ്ക്കാനുള്ള അവകാശം ചാന്നാർ സ്ത്രീകൾക്കും അനുവദിച്ച് കൊണ്ടുള്ള വിളംബരം പുറപ്പെടുവിച്ചത് ഉത്രം തിരുനാൾ മഹാരാജാവാണ്.

(A) (i) മാത്രം

(B) (i) ഉം (ii) ഉം

(C) (ii) മാത്രം

(D) ശരിയുത്തരമില്ല

14. ആത്മവിദ്യാ സംഘം സ്ഥാപിച്ചതാര്?

(A) ശ്രീനാരായണ ഗുരു (B) മന്നത്ത് പത്മനാഭൻ

(C) ചട്ടമ്പി സ്വാമികൾ (D) വാഗ്ഭടാനന്ദൻ

15. 1817 ൽ പ്രൈമറി വിദ്യാഭ്യാസം സൌജന്യമാക്കി കൊണ്ട് വിളംബരം പുറപ്പെടുവിച്ച തിരുവിതാംകൂർ ഭരണാധികാരി ആര് ?
   (A) ഗൌരി ലക്ഷ്മി ഭായി
   (B) ഗൌരി പാർവ്വതി ഭായി
   (C) സ്വാതി തിരുനാൾ
   (D) സേതു ലക്ഷ്മി ഭായി

16. ഇന്ത്യയിലെ പുതിയ ചൈനീസ് സ്ഥാനപതി ആര്?
   (A) ഷൂ ഫെയ്ഹോങ്
   (B) ഷീ ചിങ് പിങ്
   (C) സുൻ വീഡോങ്
   (D) ലുവോ ഷാവോഹുയി

17. കേരള സംസ്ഥാന ബാലവകാശ കമ്മീഷൻ ചെയർമാൻ ആര്?
   (A) സി. വിജയകുമാർ
   (B) കെ. നസീർ
   (C) കെ.വി. മനോജ് കുമാർ
   (D) എസ്. മണികുമാർ

18. സ്വാതന്ത്ര്യത്തിനുശേഷം ഇന്ത്യയിലെ നാട്ടുരാജ്യങ്ങളെ സംയോജിപ്പിച്ചപ്പോൾ ഇന്ത്യൻ യൂണിയനിൽ ചേരാൻ വിസമ്മതിച്ച നാട്ടുരാജ്യങ്ങളുടെ പേര് താഴെ പറയുന്നു. അതിൽ കൂട്ടത്തിൽ ചേരാത്തത് കണ്ടുപിടിക്കുക :
   (A) കാശ്മീർ
   (B) പഞ്ചാബ്
   (C) ഹൈദരാബാദ്
   (D) ജുനഗഡ്

19. ആരായിരുന്നു പോറ്റി ശ്രീരാമലു?
   (A) ഭരണഘടന നിർമ്മാണ സഭയുടെ അധ്യക്ഷൻ
   (B) ഒരു നാട്ടുരാജാവ്
   (C) നെഹ്റു മന്ത്രിസഭയിലെ ഒരു മന്ത്രി
   (D) ആന്ധ്രാപ്രദേശ് സംസ്ഥാനത്തിന്റെ രൂപീകരണത്തിനായുള്ള നിരാഹാര സമരത്തെ തുടർന്ന് മരണമടഞ്ഞ വ്യക്തി

20. സ്വാതന്ത്ര്യത്തിനു ശേഷം ഇന്ത്യയിൽ വിദേശരാജ്യങ്ങളുടെ സഹായത്താൽ സ്ഥാപിച്ച ഇരുമ്പുരുക്കു വ്യവസായങ്ങൾ താഴെ നൽകിയിരിക്കുന്നു. അതിൽ ഒന്നുമാത്രം യോജിക്കാത്തതാണ് അത് ഏതെന്ന് കണ്ടെത്തുക :
   (A) ഭിലായി - യു എസ്സ് എ
   (B) ബൊക്കാറോ - സോവിയറ്റ് യൂണിയൻ (റഷ്യ)
   (C) റൂർക്കേല - ജർമ്മനി
   (D) ദുർഗ്ഗാപൂർ - ബ്രിട്ടൺ

21. മിസൈൽ മാൻ ഓഫ് ഇന്ത്യ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ശാസ്ത്രജ്ഞൻ ആരാണ്?
   (A) ഡോ. എ.പി.ജെ. അബ്ദുൾ കലാം
   (B) വിക്രം സാരാഭായി
   (C) ഡോക്ടർ രാജാ രാമണ്ണ
   (D) ഹോമി ജഹാംഗീർ ഭാഭ

22. സ്വാതന്ത്ര്യത്തിനുശേഷം ഇന്ത്യ അഭിമുഖീകരിച്ച ഏതു യുദ്ധവുമായി ബന്ധപ്പെട്ട ഉടമ്പടിയാണ് താഷ്കന്റ് കരാർ?

(A) 1962 ലെ ചൈനയുമായുള്ള യുദ്ധം

(B) 1965 ലെ പാകിസ്ഥാനുമായുള്ള യുദ്ധം

(C) 1971 ലെ പാകിസ്ഥാനുമായുള്ള യുദ്ധം

(D) കാർഗിൽ യുദ്ധം

23. കേരളത്തിലെ ഏത് നഗരത്തിനാണ് ഈ അടുത്ത കാലത്ത് യുനെസ്കോയുടെ സാഹിത്യ നഗര പദവി ലഭിച്ചത്?

(A) എറണാകുളം

(B) തൃശ്ശൂർ

(C) കോഴിക്കോട്

(D) തിരുവനന്തപുരം

24. പുതിയ ലോകസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട വ്യക്തി ആരാണ്?

(A) നിതിൻ ഗഡ്ഗരി

(B) ഓം പ്രകാശ് ബിർള

(C) രാജ്നാഥ് സിംഗ്

(D) കൊടിക്കുന്നിൽ സുരേഷ്

25. കേരളത്തിലൂടെ കടന്നു പോകുന്ന ദേശീയ ജലപാതയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏതാണ്?

(i) കേരളത്തിലൂടെ ദേശീയ ജലപാത-3 ആണ് കടന്നുപോകുന്നത്

(ii) കേരളത്തിലെ ദേശീയ ജലപാത കടന്നു പോകുന്നത് കൊല്ലം മുതൽ കോട്ടപ്പുറം വരെയാണ്

(iii) കേരളത്തിന്റെ കിഴക്കൻ മേഖലയിലൂടെയാണ് കടന്നുപോകുന്നത്

(A) (i)

(B) (i) & (iii)

(C) (i) & (ii)

(D) (ii) & (iii)

26. കേരളത്തിലെ ഭൂവിഭാഗമായ മലനാടിനെ കുറിച്ചുള്ള ശരിയായ പ്രസ്താവന ഏതാണ്?

(i) സുഗന്ധവിളകൾക്ക് അനുയോജ്യമായ കാലാവസ്ഥയാണ് ഇവിടെയുള്ളത്

(ii) ധാരാളമായി മഴ ലഭിക്കുന്ന പ്രദേശമാണ്

(iii) ഇവിടെ 30 ഡിഗ്രി സെൽഷ്യസിന് മുകളിൽ താപനില അനുഭവപ്പെടുന്നു

(A) (i), (iii)

(B) (i), (ii)

(C) (ii), (iii)

(D) (iii)

27. കേരളത്തിന്റെ കടൽതീരവുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവന ഏത്?

(i) 580 കിലോമീറ്റർ നീണ്ടു കിടക്കുന്നതാണ് കേരളത്തിന്റെ തീരപ്രദേശം

(ii) തീരപ്രദേശമില്ലാത്ത ജില്ലയാണ് പാലക്കാട്

(iii) കേരളത്തിന്റെ വിനോദസഞ്ചാര മേഖലയിൽ തീരദേശം നിർണ്ണായകമായ പങ്കു വഹിക്കുന്നു

(iv) 680 കിലോമീറ്റർ നീണ്ടു കിടക്കുന്നതാണ് കേരളത്തിന്റെ തീരപ്രദേശം

(A) (i)

(B) (i), (iii)

(C) (iv)

(D) (i), (ii)

28. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ പ്രസ്താവന ഏത്?

(i) ഭാരതപ്പുഴയാണ് കേരളത്തിലെ ഏറ്റവും നീളമുള്ള നദി

(ii) കേരളത്തിൽ പടിഞ്ഞാറോട്ട് ഒഴുകുന്ന നദികൾ 41 എണ്ണമാണ്

(iii) പാമ്പാർ, കബനി, ഭവാനി എന്നീ നദികൾ കിഴക്കോട്ട് ഒഴുകുന്നു

(A) (i)

(B) (i), (ii)

(C) (i), (iii)

(D) (ii), (iii)

29. കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജലതടാകമേത്?

(A) അഷ്ടമുടിക്കായൽ

(B) വേമ്പനാട്ടു കായൽ

(C) കഠിനകുളം കായൽ

(D) ശാസ്താംകോട്ട

30. താഴെ കൊടുത്തിട്ടുള്ളതിൽ തെറ്റായ പ്രസ്താവന ഏതാണ്?

(i) കേരളത്തിലെ ആദ്യത്തെ ജലവൈദ്യുത പദ്ധതിയാണ് പള്ളിവാസൽ

(ii) പള്ളിവാസൽ ജലവൈദ്യുത പദ്ധതി ഇടുക്കി ജില്ലയിലാണ് സ്ഥിതിചെയ്യുന്നത്

(iii) പമ്പാ നദിയിലാണ് പള്ളിവാസൽ ജലവൈദ്യുത പദ്ധതി നിർമ്മിച്ചിരിക്കുന്നത്

(A) (iii)

(B) (i)

(C) (i), (ii)

(D) (ii)

31. ഇരവികുളം ദേശിയോദ്യാനവുമായി ബന്ധപ്പെട്ട് താഴെ സൂചിപ്പിക്കുന്നവയിൽ ശരിയായ പ്രസ്താവന ഏത്?

(i) കേരളത്തിലെ ആദ്യത്തെ ദേശിയോദ്യാനമാണ്

(ii) ഇടുക്കി ജില്ലയിൽ സ്ഥിതിചെയ്യുന്നു.

(iii) ഇവിടെ സിംഹവാലൻ കുരങ്ങുകളെ കാണാൻ കഴിയുന്നതാണ്

(A) (iii)

(B) (i), (iii)

(C) (ii), (iii)

(D) (i), (ii)

32. കേരളത്തിലെ ഏറ്റവും വലിയ ജില്ലയേത്?

(A) പാലക്കാട്

(B) തിരുവനന്തപുരം

(C) ഇടുക്കി

(D) കണ്ണൂർ

33. താഴെ കൊടുത്തിട്ടുള്ളവയിൽ ശരിയായ പ്രസ്താവന ഏതാണ്?

(i) ഒളിമ്പിക്സിൽ മെഡൽ നേടിയ ആദ്യ മലയാളിയാണ് മാനുവൽ ഫ്രെഡറിക്

(ii) മാനുവൽ ഫ്രെഡറിക് ഒളിമ്പിക്സ് മെഡൽ നേടിയത് ഹോക്കിയിലാണ്

(iii) മാനുവൽ ഫ്രെഡറിക് ഒളിമ്പിക്സിൽ വെള്ളി മെഡലാണ് നേടിയത്

(A) (iii)

(B) (i), (iii)

(C) (i), (ii)

(D) (ii), (iii)

34. ശരിയായ പ്രസ്താവന ഏതാണ്?

(i) 1956 നവംബർ 1 ന് കേരള സംസ്ഥാനം രൂപീകരിച്ചു.

(ii) കേരളത്തിലെ ഗവർണ്ണറാണ് ആരിഫ് മുഹമ്മദ് ഖാൻ

(iii) കേരളത്തിലെ ഔദ്യോഗിക ഭാഷകളാണ് മലയാളം, ഇംഗ്ലീഷ് എന്നിവ

(iv) കേരളത്തിന്റെ ഔദ്യോഗിക പക്ഷി മയിലാണ്

(A) (ii), (iv)

(B) (iii), (iv)

(C) (iv)

(D) (i), (ii) & (iii)

35. ഇന്ത്യയിലെ ഉത്തരപർവ്വത മേഖലയിൽ ഉൾപ്പെടാത്തത് ഏതാണ്?

(A) ട്രാൻസ് ഹിമാലയം

(B) ഹിമാലയം

(C) കിഴക്കൻ കുന്നുകൾ

(D) ആരവല്ലി

**36.** സിവാലിക് മലനിരകളുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏതാണ്?

(i) ഹിമാലയനിരകളിൽ ഏറ്റവും തെക്കായുള്ളത്

(ii) ഗംഗാ സമതലത്തിന് അതിരായി നിലകൊള്ളുന്നു

(iii) ബ്രഹ്മപുത്ര സമതലത്തിന് അതിരായി നിലകൊള്ളുന്നു

(A) (i) & (ii)

(B) (i)

(C) (i) & (iii)

(D) (iii)

**37.** ഗംഗാ സമതലവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏതാണ്?

(i) പഞ്ചാബ്-ഹരിയാന സമതലത്തിന്റെ കിഴക്കായി സ്ഥിതിചെയ്യുന്നു

(ii) കിഴക്ക് ബംഗ്ലാദേശ് മുതൽ പടിഞ്ഞാറ് യമുനാ നദി വരെ ഗംഗാ സമതലം വ്യാപിച്ചിരിക്കുന്നു

(iii) പഞ്ചാബ്-ഹരിയാന സമതലത്തിന്റെ തെക്കായി സ്ഥിതിചെയ്യുന്നു

(A) (ii), (iii)

(B) (i), (ii)

(C) (i)

(D) (iii)

**38.** നർമ്മദ നദിയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏത്?

(i) ഏറ്റവും വലിയ ഉപദ്വീപീയ നദിയാണ് നർമ്മദ

(ii) പടിഞ്ഞാറോട്ട് ഒഴുകി അറബിക്കടലിൽ പതിക്കുന്നു

(iii) നർമ്മദ നദിയുടെ ഉത്ഭവം മധ്യപ്രദേശിലെ അമർഖണ്ഡക് ആണ്.

(A) (i), (ii)

(B) (i), (iii)

(C) (ii), (iii)

(D) (i)

**39.** ആനമുടിയുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ തെറ്റായ പ്രസ്താവന ഏത്?

(i) ആനമുടി പശ്ചിമഘട്ട മലനിരകളുടെ ഭാഗമാണ്

(ii) ആനമുടി തമിഴ്നാട്ടിലാണ് സ്ഥിതിചെയ്യുന്നത്

(iii) ഉപദ്വീപീയ ഇന്ത്യയിലെ ഏറ്റവും ഉയരമുള്ള കൊടുമുടിയാണ് ആനമുടി

(iv) ആനമുടി കേരളത്തിലാണ് സ്ഥിതിചെയ്യുന്നത്

(A) (ii)

(B) (i), (iii)

(C) (iii), (iv)

(D) (i), (iv)

40. ഇന്ത്യയിൽ ആദ്യമായി യുനെസ്കോയുടെ "സാഹിത്യനഗരി" പദവി ലഭിച്ച നഗരം ഏതാണ്?
   (A) ജയ്പൂർ
   (B) കോഴിക്കോട്
   (C) കൊൽക്കത്ത
   (D) തിരുവനന്തപുരം

41. "ഫെയ്ത്ത് ബിഹൈൻഡ് ദ ഗ്രിൽ" എന്ന ആത്മകഥ ഏത് ഇന്ത്യൻ കായികതാരത്തിന്റെയാണ്?
   (A) എം.എസ്. ധോണി
   (B) സാനിയ മിർസ
   (C) സുനിൽ ഛേത്രി
   (D) പി.ആർ. ശ്രീജേഷ്

42. ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റായി ചുമതലയേറ്റ് മലയാളി കായികതാരം ആരാണ്?
   (A) സഞ്ജു സാംസൺ
   (B) പി.ടി. ഉഷ
   (C) പി.ആർ. ശ്രീജേഷ്
   (D) ഷൈനി വിൽസൺ

43. ഇന്ത്യൻ റെയിൽവേ ഈയിടെ ലോകത്തിലെ ഏറ്റവും ഉയരമേറിയ പാലത്തിലൂടെ തീവണ്ടിയുടെ പരീക്ഷണ യാത്ര നടത്തി. ഏത് നദിക്ക് കുറുകെയാണ് ഈ പാലം നിർമ്മിച്ചിരിക്കുന്നത്?
   (A) രവി
   (B) ചെനാബ്
   (C) ഗംഗ
   (D) സത്‌ലജ്

44. 'മിയാൻഡർ' - ഈ ഭൂരൂപത്തിന്റെ രൂപീകരണത്തിന് കാരണമാകുന്ന ഭൂരൂപീകരണ സഹായി ഏത്?
   (A) നദി
   (B) ഹിമാനി
   (C) കാറ്റ്
   (D) തിരമാല

45. താഴെ പറയുന്നവയിൽ ഭൌതികമാറ്റം സൂചിപ്പിക്കുന്ന പ്രക്രിയ ഏത്?
   (i) പഞ്ചസാര വെള്ളത്തിൽ ലയിക്കുന്നു
   (ii) ഭക്ഷണം ദഹിക്കുന്നു
   (iii) മെഴുക് ഉരുകുന്നു
   (A) (i) & (ii)
   (B) (ii) & (iii)
   (C) (i) & (iii)
   (D) ഇതിൽ ഒന്നുമില്ല

46. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ പ്രവർത്തനങ്ങൾ ഉൾപ്പെടാത്തത് ഏത്?
   (A) വായ്പാ നിയന്ത്രണം
   (B) കറൻസി നോട്ട് അച്ചടിക്കൽ
   (C) നിക്ഷേപകരിൽ നിന്ന് നിക്ഷേപം സ്വീകരിക്കൽ
   (D) ഗവണ്മെന്റിന്റെ ബാങ്ക്

47. ISRO 2023 സെപ്തംബർ 2 ന് നടപ്പാക്കിയ ദൌത്യം ഏത്?

(A) ചന്ദ്രയാൻ 3
(B) ആദിത്യ L1
(C) മംഗൾയാൻ
(D) ചന്ദ്രയാൻ 2

48. ബുക്കർ പുരസ്കാരം ഏതെല്ലാം രാജ്യങ്ങളിൽ പ്രസിദ്ധീകരിക്കുന്ന സാഹിത്യ കൃതികൾക്കാണ് നൽകുന്നത്?

(A) യു.എസ്.എ & യു.കെ.
(B) അയർലണ്ട് & യു.എസ്.എ.
(C) ഇംഗ്ലണ്ട് & യു.എസ്.എ.
(D) അയർലണ്ട് & യു.കെ.

49. രാജാറാം മോഹൻ റായിയെക്കുറിച്ചുള്ള തെറ്റായ പ്രസ്താവന തിരഞ്ഞെടുക്കുക :

(A) ഇന്ത്യൻ നവോത്ഥാനത്തിന്റെ പിതാവ്
(B) 'സതി'യെ എതിർത്തു
(C) ആര്യ സമാജ സ്ഥാപകൻ
(D) ആധുനിക വിദ്യാഭ്യാസം നേടി

50. SIP എന്ന പദ്ധതിയുടെ പൂർണ്ണരൂപം എന്ത്?

(A) സ്മോൾ ഇൻവെസ്റ്റ്മെന്റ് പ്ലാൻ
(B) സേവിങ് ആന്റ് ഇൻവെസ്റ്റ്മെന്റ് പ്ലാൻ
(C) സേവിങ് ഇൻ പ്രൊവിഡന്റ് ഫണ്ട്
(D) സിസ്റ്റമാറ്റിക് ഇൻവെസ്റ്റ്മെന്റ് പ്ലാൻ

51. വില്ല്യം ഹാർവെ താഴെ പറയുന്നവയിൽ ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) രക്തചംക്രമണം
(B) പരിണാമ സിദ്ധാന്തം
(C) ജനിതക ശാസ്ത്രം
(D) ജീവികളുടെ വർഗ്ഗീകരണം

52. 3 വട്ടമേശ സമ്മേളനങ്ങളിലും പങ്കെടുത്ത ഇന്ത്യൻ നേതാവ് :

(A) മഹാത്മാഗാന്ധി
(B) സരോജിനി നായിഡു
(C) ബി.ആർ. അംബേദ്കർ
(D) ലാൽ ബഹദൂർ ശാസ്ത്രി

53. മനുഷ്യശരീരത്തിലെ അരിപ്പ എന്നറിയപ്പെടുന്ന അവയവം ഏത്?

(A) കരൾ
(B) ഹൃദയം
(C) വൃക്ക
(D) ശ്വാസകോശം

54. ദന്തക്ഷയത്തിന് കാരണമായി പ്രവർത്തിക്കുന്ന ആസിഡ് ഏത്?

(A) ഹൈഡ്രോക്ലോറിക് ആസിഡ്
(B) സൾഫ്യൂറിക് ആസിഡ്
(C) അസറ്റിക് ആസിഡ്
(D) ലാക്ടിക് ആസിഡ്

55. വിറ്റാമിൻ D യുടെ അപര്യാപ്തത മൂലം ഉണ്ടാകുന്ന രോഗമാണ്?

(A) കണ
(B) സ്കർവി
(C) ഗോയിറ്റർ
(D) അനീമിയ

56. സങ്കരയിനം വിളകളെ സംബന്ധിച്ച് താഴെ തന്നിട്ടുള്ള പ്രസ്താവനകളിൽ ശരിയായവ ഏതെല്ലാം?

(i) ഉജ്ജ്വല നെൽവിത്തിന് ഉദാഹരണമാണ്

(ii) ജ്യോതിക സങ്കരയിനം പയർവിത്തിന് ഉദാഹരണമാണ്

(iii) കിരൺ സങ്കരയിനം വെണ്ടയാണ്

(iv) മുക്തി സങ്കരയിനം വഴുതനയാണ്

(A) (i), (ii)

(B) (ii), (iii)

(C) (iii), (iv)

(D) എല്ലാം ശരിയാണ്

57. ദേശീയ ഊർജ്ജ സംരക്ഷണദിനമായി ആചരിക്കുന്നത് എന്ന്?

(A) ജൂൺ 5

(B) ഡിസംബർ 14

(C) സെപ്തംബർ 16

(D) മെയ് 22

58. ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ പിതാവ് :

(A) വർഗ്ഗീസ് കുര്യൻ

(B) ഹിരാലാൽ ചൌധരി

(C) എം.എസ്. സ്വാമിനാഥൻ

(D) ആർ. മിശ്ര

59. കേരളത്തിൽ ഏറ്റവും കൂടുതൽ കണ്ടൽ കാടുകളുള്ള ജില്ല :

(A) കോട്ടയം

(B) വയനാട്

(C) ഇടുക്കി

(D) കണ്ണൂർ

60. താഴെ പറയുന്ന ഏതെല്ലാം ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ലബോറട്ടറി തെർമ്മോമീറ്റർ പ്രവർത്തിക്കുന്നത്?

(i) ദ്രാവകത്തിന്റെ സങ്കോചിക്കാനുള്ള കഴിവ്

(ii) ദ്രാവകത്തിന്റെ വികസിക്കാനുള്ള കഴിവ്

(iii) ദ്രാവകത്തിന്റെ വൈദ്യുതി കടത്തിവിടാനുള്ള കഴിവ്

(iv) ദ്രാവകത്തിന്റെ ബാഷ്പീകരിക്കാനുള്ള കഴിവ്

(A) (i) & (iv)

(B) (i) & (iii)

(C) (i) & (ii)

(D) (ii) & (iv)

61. പ്രകാശപ്രകീർണ്ണനത്തിന് പ്രകൃതിയിൽ നിന്നുള്ള ഒരു ഉദാഹരണമാണ് :

(A) ഇടിമിന്നൽ

(B) മഴവില്ല്

(C) ആകാശത്തിന്റെ നീലിമ

(D) സൂര്യന്റെ ചുവപ്പു നിറം

62. താഴെ പറയുന്നവയിൽ ദോലനത്തിന് ഉദാഹരണം ഏത്?
   (A) പമ്പരം കറങ്ങുന്നത്
   (B) ഞെട്ടറ്റു വീഴുന്ന മാമ്പഴത്തിന്റെ ചലനം
   (C) ഊഞ്ഞാലിന്റെ ചലനം
   (D) സൂര്യന് ചുറ്റുമുള്ള ഗ്രഹങ്ങളുടെ ചലനം

63. ഒരു സോളാർ സെല്ലിൽ നടക്കുന്ന ഊർജ്ജമാറ്റം ഏത്?
   (A) സൌരോർജ്ജം താപോർജ്ജമായി മാറുന്നു
   (B) സൌരോർജ്ജം വൈദ്യുതോർജ്ജമായി മാറുന്നു
   (C) പ്രകാശോർജ്ജം താപോർജ്ജമായി മാറുന്നു
   (D) സൌരോർജ്ജം രാസോർജ്ജമായി മാറുന്നു

64. ഹൈഡ്രജനുമായി ബന്ധപ്പെട്ട് തെറ്റായ പ്രസ്താവന ഏത്?
   (A) ഹൈഡ്രജൻ നിറമില്ലാത്ത വാതകമാണ്
   (B) ഹൈഡ്രജൻ പെട്ടന്ന് തീപിടിക്കുന്നതും പൊട്ടിത്തെറിക്കുന്നതുമായ വാതകമാണ്
   (C) ഹൈഡ്രജൻ റോക്കറ്റിൽ ഇന്ധനമായി ഉപയോഗിക്കുന്നു
   (D) ഹൈഡ്രജൻ രൂക്ഷഗന്ധമുള്ള വാതകമാണ്

65. 2023 ൽ രസതന്ത്രത്തിനുള്ള നോബൽ പുരസ്കാരം ലഭിച്ചത് താഴെ പറയുന്ന ഏതു മേഖലയുമായി ബന്ധപ്പെട്ട കണ്ടുപിടിത്തത്തിനാണ്?
   (A) ക്വാണ്ടം ഡോട്ടുകളുടെ കണ്ടുപിടിത്തത്തിനും അതിന്റെ സങ്കലനത്തിനും
   (B) ഇലക്ട്രോൺ ഡയനാമിക്സ് പഠനവുമായി ബന്ധപ്പെട്ട്
   (C) ഓർഗാനിക് രസതന്ത്രവുമായി ബന്ധപ്പെട്ട്
   (D) സങ്കീർണ്ണമായ രാസപ്രക്രിയകൾ മനസ്സിലാക്കാനും പ്രവചിക്കാനും കഴിയുന്ന കാര്യക്ഷമമായ കമ്പ്യൂട്ടർ പ്രോഗ്രാമുകളെ കുറിച്ചുള്ള പഠനത്തിന്

66. ഇന്ത്യയുടെ സൂര്യദൌത്യമായ ആദിത്യ-L1 2023 സെപ്തംബർ 2 ന് ISRO ശ്രീഹരിക്കോട്ടയിൽ നിന്ന് വിക്ഷേപിച്ചു. ഇതിൽ ആദിത്യ-L1 എന്ന പേരിലുള്ള 'L1' എന്നത് എന്തിനെ സൂചിപ്പിക്കുന്നു?
   (A) ലെബ്നിസ് പോയിന്റ് 1
   (B) ലഗ്രാൻജിയൻ പോയിന്റ് 1
   (C) ലാപ്ലേസ് പോയിന്റ് 1
   (D) ലാവോസിയെ പോയിന്റ് 1

67. ഡ്രൈ ഡേ ആചരിക്കുന്നതിലൂടെ നിയന്ത്രിക്കാൻ കഴിയുന്ന രോഗം ഏതാണ്?
   (A) ഡെങ്കിപ്പനി
   (B) കോളറ
   (C) എലിപ്പനി
   (D) ഹെപ്പറ്റൈറ്റിസ്

68. അനോഫെലിസ് പെൺകൊതുകുകൾ പരത്തുന്ന രോഗം ഏതാണ്?

(A) മന്ത്
(B) ചിക്കുൻഗുനിയ
(C) മലമ്പനി
(D) ഡെങ്കിപ്പനി

69. ക്ഷയരോഗത്തിന്റെ രോഗകാരി ഏതാണ്?

(A) കോറിനിബാക്ടീരിയം ഡിഫ്ത്തീരിയ
(B) വിബ്രിയോ കോളറെ
(C) ലെപ്റ്റോസ്പൈറ ഇറോഗാൻസ്
(D) മൈക്കോബാക്ടീരിയം ട്യൂബർകുലോസിസ്

70. ജീവിതശൈലി രോഗം അല്ലാത്തത് ഏതാണ്?

(A) അതിറോസ്ക്ലിറോസിസ്
(B) പ്രമേഹം
(C) ഹീമോഫീലിയ
(D) ഹൃദയാഘാതം

71. ലോക പ്രമേഹ ദിനമായി അചരിക്കുന്നത് എന്നാണ്?

(A) നവംബർ 14
(B) മെയ് 17
(C) ഒക്ടോബർ 29
(D) ഏപ്രിൽ 19

72. പുകവലി മൂലം ശ്വാസകോശത്തെ ബാധിക്കുന്ന രോഗങ്ങൾ ഏതെല്ലാം?

(i) എംഫിസീമ
(ii) ത്രോംബോസിസ്
(iii) അതിറോസ്ക്ലിറോസിസ്
(iv) ബ്രോങ്കൈറ്റിസ്

(A) (i), (ii)
(B) (ii), (iv)
(C) (ii), (iii)
(D) (i), (iv)

73. ശരീരകലകളുടെ നിർമ്മാണത്തിന് ആവശ്യമായ പോഷകഘടകം :

(A) അന്നജം
(B) മാംസ്യം
(C) ധാതുക്കൾ
(D) വിറ്റാമിനുകൾ

74. ഏതു വിറ്റാമിന്റെ അപര്യാപ്തതയാണ് നിശാന്ധത എന്ന രോഗത്തിന് കാരണം?

(A) വിറ്റാമിൻ A
(B) വിറ്റാമിൻ D
(C) വിറ്റാമിൻ C
(D) വിറ്റാമിൻ K

**75.** സാമൂഹ്യനീതിവകുപ്പിന്റെ കീഴിലുള്ള സർക്കാർ വൃദ്ധസദനങ്ങളിലെ താമസക്കാരുടെ ആരോഗ്യ പരിരക്ഷയ്ക്കായുള്ള പദ്ധതിയാണ് :

(A) വയോമിത്രം
(B) വയോഅമൃതം
(C) വയോമധുരം
(D) വയോമന്ദഹാസം

**76.** HIV ബാധിതരുടെ മക്കൾക്ക് പ്രത്യേകം കരുതൽ നൽകാൻ കേരള സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് :

(A) സ്നേഹസാന്ത്വനം
(B) സ്നേഹക്കൂട്
(C) സ്നേഹപൂർവ്വം
(D) സമാശ്വാസം

**77.** കേരളത്തിൽ കുങ്കുമപ്പൂ കൃഷി ചെയ്യുന്നത് ഏതു ജില്ലയിലാണ്?

(A) ഇടുക്കി
(B) വയനാട്
(C) പാലക്കാട്
(D) കണ്ണൂർ

**78.** ജീവിതശൈലി രോഗങ്ങളുടെ നിയന്ത്രണത്തിനായി കേരള സർക്കാർ കൊണ്ടുവന്ന മൊബൈൽ ആപ്ലിക്കേഷൻ ഏതാണ്?

(A) നവജീവൻ
(B) ശൈലി
(C) സഫലം
(D) നിർഭയം

**79.** കോവിഡ് വാക്സിൻ വികസിപ്പിക്കുന്നതിൽ നിർണ്ണായക പങ്കു വഹിച്ച് 2023 ലെ വൈദ്യശാസ്ത്ര നോബൽ സമ്മാനം കരസ്ഥമാക്കിയ ശാസ്ത്രജ്ഞർ ആരെല്ലാം?

(i) കാറ്റലിൻ കാരിക്കോ
(ii) ല്യൂയി ബ്രസ്
(iii) ഡ്രൂ വെയ്സ്മാൻ
(iv) അലക്സി എകിമോവ്

(A) (i), (ii)
(B) (i), (iii)
(C) (i), (iv)
(D) (ii), (iv)

**80.** 2023 ലെ പരിസ്ഥിതി ദിനാഘോഷങ്ങൾക്ക് ആതിഥേയത്വം വഹിച്ച രാജ്യം ഏതാണ്?

(A) കൊളംബിയ
(B) ജർമ്മനി
(C) പാക്കിസ്ഥാൻ
(D) നെതർലാൻഡ്

81. രണ്ടു സംഖ്യകളുടെ ഉ.സാ.ഘ (HCF) 8 ഉം സംഖ്യകളുടെ ഗുണനഫലം 256 ഉം ആയാൽ സംഖ്യകളുടെ ല.സാ.ഗു. (LCM) എത്ര?

(A) 64 (B) 32

(C) 24 (D) 16

82. 0.232323 .... എന്ന സംഖ്യയ്ക്ക് തുല്യമായ ഭിന്നകം ഏത്?

(A) 23/99 (B) 22/99

(C) 23/90 (D) 22/90

83. താഴെ തന്നിരിക്കുന്നവയിൽ ശരി ഏത്?

(A) $0.813 > 0.514 > 0.733$ (B) $0.733 < 0.514 < 0.813$

(C) $0.813 > 0.733 > 0.514$ (D) $0.813 < 0.733 < 0.514$

84. താഴെ തന്നിരിക്കുന്നവയിൽ ഒരു മട്ടത്രികോണത്തിന്റെ വശങ്ങളുടെ അളവുകൾ ആകുന്നത് ഏതെല്ലാം?

(A) 2, 3, 4 (B) 3, 4, 5

(C) 4, 5, 6 (D) 5, 6, 7

85. 400 m നീളമുള്ള ഒരു ട്രെയിൻ 10 m/s വേഗതയിൽ സഞ്ചരിക്കുന്നുവെങ്കിൽ അത് 100 m നീളമുള്ള ഒരു റെയിൽവെ പ്ലാറ്റ്ഫോം കടന്നുപോകാൻ എടുക്കുന്ന സമയം എത്ര? (സെക്കന്റിൽ)

(A) 100 (B) 400

(C) 40 (D) 50

86. ഒരു ക്ലാസ്സിലെ കുട്ടികളിൽ രവിയുടെ റാങ്ക് മുകളിൽ നിന്നും 7 ഉം താഴെ നിന്ന് 28 ഉം ആണ്. എങ്കിൽ ആ ക്ലാസ്സിലെ ആകെ കുട്ടികളുടെ എണ്ണം എത്ര?

(A) 32 (B) 33

(C) 34 (D) 35

87. രഘു, റാവു, റാം എന്നിവയുടെ ഇപ്പോഴത്തെ ആകെ വയസ്സ് 80 ആയാൽ മൂന്ന് വർഷം മുൻപ് അവരുടെ ആകെ വയസ്സ് എത്ര?

(A) 73 (B) 72

(C) 74 (D) 71

88. താഴെ തന്നിരിക്കുന്നവയിൽ ഒറ്റയാനെ (Odd man out) കണ്ടെത്തുക :

(A) 5
(B) 15
(C) 25
(D) 35

89. $\frac{1}{3}-\frac{1}{6}+\frac{1}{9}$ ന്റെ വില കാണുക :

(A) 5/18
(B) 7/18
(C) 4/18
(D) ഇവയൊന്നുമല്ല

90. താഴെ തന്നിരിക്കുന്ന ശ്രേണികളെ സംബന്ധിച്ച് ശരിയായത് ഏത്?

(i) $N = \{1, 2, 3, 4 \ldots.\}$
(ii) $S = \{2, 4, 6, 8\}$
(iii) $F = \{1, 3, 5, 7 \ldots..\}$

(A) (i) ലും (ii) ലും ഉള്ള അഭാജ്യസംഖ്യകളുടെ എണ്ണം അനന്തമാണ് (infinite)
(B) (ii) ലും (iii) ലും ഉള്ള അഭാജ്യസംഖ്യകളുടെ എണ്ണം അനന്തമാണ് (infinite)
(C) (i) ലും (iii) ലും ഉള്ള അഭാജ്യസംഖ്യകളുടെ എണ്ണം അനന്തമാണ് (infinite)
(D) (i) ലും (ii) ലും (iii) ലും ഉള്ള അഭാജ്യസംഖ്യകളുടെ എണ്ണം അനന്തമാണ് (infinite)

91. മലേറിയ പരത്തുന്ന കൊതുക് ഏതാണ്?

(A) അനോഫിലസ്
(B) ക്യൂലക്സ്
(C) മാൻസനോയ്ഡ്
(D) ഈഡിസ്

92. കൊതുക് ജീവിതചക്രം പൂർത്തിയാക്കാൻ എടുക്കുന്ന സമയം :

(A) 2 ദിവസം
(B) ഒരാഴ്ച
(C) രണ്ടാഴ്ച
(D) 3 ആഴ്ച

93. കൊതുകിന്റെ ജീവിതചക്രം :

(A) മുട്ട-ലാർവ്വ-പ്യൂപ്പ-കൊതുക്
(B) മുട്ട-പ്യൂപ്പ-ലാർവ്വ-കൊതുക്
(C) മുട്ട-ലാർവ്വ-മൈറ്റ്-കൊതുക്
(D) മുട്ട-മൈറ്റ്-ലാർവ്വ-കൊതുക്

94. കൊതുകിന്റെ എണ്ണം വർദ്ധിക്കുന്നത് തടയുന്നതിനുള്ള മാർഗ്ഗങ്ങൾ ഏതെല്ലാം?

(i) ജൈവികനിയന്ത്രണം
(ii) ഫോഗിങ്
(iii) സിന്തറ്റിക് കീടനാശിനികൾ ഉപയോഗിക്കുക
(iv) പ്രജനനസ്ഥലങ്ങൾ നശിപ്പിക്കുക

(A) (i) മാത്രം ശരി
(B) (i) & (ii) മാത്രം ശരി
(C) (ii) & (iv) മാത്രം ശരി
(D) (i), (ii), (iii) & (iv) ശരി

95. ദേശീയ ഡെങ്കി ദിനം :

(A) ഏപ്രിൽ 25
(B) മെയ് 16
(C) ആഗസ്റ്റ് 20
(D) സെപ്തംബർ 28

96. ഈച്ചകൾ പരത്തുന്ന രോഗം :

(i) കോളറ
(ii) അമീബിയാസിസ്
(iii) മഞ്ഞപ്പിത്തം
(iv) മന്ത്

(A) (i) മാത്രം ശരി
(B) (i) & (ii) ശരി
(C) (i), (ii) & (iii) ശരി
(D) (iii) & (iv) ശരി

97. മണലീച്ച പരത്തുന്ന രോഗം :

(A) സ്കാബീസ്
(B) ജാപ്പനീസ് എൻസഫലൈറ്റിസ്
(C) കാല അസർ
(D) മഞ്ഞപ്പനി

98. സ്ക്രബ്ബ് ടൈഫസ് (ചെള്ള് പനി) പരത്തുന്നതാര്?

(A) ടിക്കുകൾ
(B) മാൻസനോയ്ഡ്
(C) കൊതുക്
(D) ചിഗ്ഗർ മൈറ്റ്

99. ഖരമാലിന്യ സംസ്കരണത്തിൽ പരിസ്ഥിതിക്ക് ഏറ്റവും അനുകൂലമായ മാർഗ്ഗം ഏത്?

(A) ജ്വലനം
(B) ഉപേക്ഷിക്കൽ
(C) നിയന്ത്രിത ടിപ്പിംഗ്
(D) കമ്പോസ്റ്റിംഗ്

100. ആഴമില്ലാത്ത ട്രഞ്ച് ലാട്രിൻ എവിടെയാണ് അനുയോജ്യമാകുന്നത്?

(A) വീട്
(B) സ്ഥാപനം
(C) താത്കാലിക ക്യാമ്പുകൾ
(D) പൊതുസ്ഥലം

## SPACE FOR ROUGH WORK

**SPACE FOR ROUGH WORK**